ക്ഷീര കർഷകർക്ക് ക്ഷേമനിധി

* 17 [590] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ ടി. എച്ച്. മുസ്തഫ:
„ അടൂർ പ്രകാശ്:
„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) വാർദ്ധക്യം ബാധിച്ച ക്ഷീരകർഷകർക്കും ഗുരുതരമായ രോഗം ബാധിച്ച ക്ഷീരകർഷകർക്കും എന്തെങ്കിലും സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(സി) ക്ഷീര കർഷകരുടെ മക്കളുടെ ഉന്നതപഠനത്തിന് ഗവൺമെന്റോ മിൽമയോ എന്തെങ്കിലും പ്രോൽസാഹനം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷീര കർഷകർക്ക് ക്ഷേമനിധി രൂപീകരിച്ചിട്ടില്ലാത്തപക്ഷം അതിനുള്ള നടപടിയെടുക്കുമോ?

കൃഷിയും കയറും വകുപ്പ് മന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഇല്ല.

(ബി, സി) എന്നാൽ മേഖലാ യൂണിയനുകൾ ഈ ആവശ്യത്തിനായി സഹായം നൽകിവരുന്നു. ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ അംഗത്വമുള്ള സ്ഥിരമായി പാൽ നൽകുന്ന ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ അതാത് മേഖലാ യൂണിയനുകൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം കർഷകർക്ക് ചികിൽസാ സഹായ ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, കന്നുകാലി ഇൻഷ്വറൻസ്, മൃഗചികിൽസാ സഹായം, പാലുൽപ്പാദനച്ചിലവ് പരമാവധി കുറച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉൽപ്പാദനോപാധികളും പദ്ധതികളും മുതലായവ ഓരോ മേഖലാ യൂണിയനും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട ആക്ച്യൂറിയൽ സ്റ്റഡി നടത്തുന്നതിന് ഒരു വിദഗ്ദ്ധ ഏജൻസിയെ മിൽമ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

മൃഗാശുപത്രികളിലെ മരുന്നിന്റെ ദൗർലഭ്യം

* 18 [591] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നില്ലാത്തതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly